പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 91

05.03.2018-ൽ മറുപടിക്ക്

## വയലുകളും തണ്ണീർത്തടങ്ങളും കായലുകളും സംരക്ഷിക്കാൻ നടപടി

ചോദ്യം

ശ്രീ.വി. ജോയി
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. എം. നൗഷാദ്
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റംസാർ പട്ടികയിൽ ഉൾപ്പെട്ട അതീവ പരിസ്ഥിതി പ്രാധാന്യമുള്ള വേമ്പനാട്ട് കായലും ശാസ്താംകോട്ടകായലും കൈയേറ്റം കാരണം ആഴവും വിസ്തൃതിയും കുറഞ്ഞുവരുന്നതായുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കായലുകളെയും നദീതടങ്ങളെയും സംരക്ഷിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | റംസാർ തണ്ണീർത്തടങ്ങളായ വേമ്പനാട്, ശാസ്താംകോട്ട, അഷ്ടമുടി എന്നീ കായലുകളുടെ സമഗ്ര സംരക്ഷണത്തിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനു വേണ്ട സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് വെറ്റ് ലാന്റ് അതോറിറ്റി മുഖേന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതാണ്. |
| (ബി) | നികത്തൽ ഭീഷണി നേരിടുന്ന വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനായി സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി റവന്യൂ വകുപ്പിൽ താലൂക്ക് തലത്തിൽ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നതും അനധികൃതമായി തരം മാറ്റം കണ്ടെത്തുന്ന കേസുകളിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ഭൂമി പൂർവ്വസ്ഥിതിയിലാക്കാനും, വകുപ്പ് 20 പ്രകാരം വാഹനം കണ്ടുകെട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പ് 23, 25 എന്നിവ പ്രകാരം ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | നെൽവയലോ തണ്ണീർത്തടമോ ആയിരുന്ന സ്ഥലങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | പൂർത്തിയാക്കിയിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കേണ്ട ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സർക്കാർ ഊർജ്ജസ്വലമാക്കുകയുണ്ടായി. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശ |

| | | | |
|---|---|---|---|
| | | | ങ്ങളിൽ 669 ഇടത്തിൽ ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷി ഭവൻ പ്രദേശങ്ങളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരണത്തിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗവൺമെന്റ് പ്രസ്സുകളിൽ ഏല്പിച്ചിട്ടുണ്ട്. 9 ജില്ല കളിലായി 22 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ/തണ്ണീർത്തടം ഇല്ലാത്തതാണ്. ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനം നടത്താനായി അവ ഗവൺമെന്റ് പ്രസ്സിലേക്ക് കൈമാറാത്തതുമായ 136 എണ്ണവും, ഡാറ്റാബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് കെ.എസ്.ആർ.ഇ.സി യുടെ സഹകരണത്തോടെ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 88 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കെ.എസ്.ആർ.ഇ.സി തയ്യാറാക്കിയിട്ടുണ്ട്.<br><br>ഡാറ്റാബാങ്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യ മന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി സ.ഉ (ആർ.റ്റി) നം. 47/2017/കൃഷി (എൻ.സി.എ) വകുപ്പ് തീയതി, 18.01.2017 പ്രകാരം രൂപം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**